**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 96** **01-02-2023 - ൽ മറുപടിയ്ക്ക്**

**ക്രിമിനലുകളായ പോലീസുകാർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണ്ടകളുമായും ക്വട്ടേഷൻ സംഘങ്ങളുമായും അടുത്ത് ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർ മിക്ക സ്ഥലങ്ങളിലും ക്രമസമാധാനപാലന ചുമതല വഹിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇതു സംബന്ധിച്ച് പോലീസ് ഇന്റലിജൻസ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരെ സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം വളരെ കാര്യക്ഷമമായി സംസ്ഥാന ഇന്റലിജൻസും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും പരിശോധിച്ചുവരുന്നു. കുറ്റക്കാരെന്ന് കണ്ടെത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് സേനയിലെ ചില ഉദ്യോഗസ്ഥർ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 14 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തി വരുന്നു. നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരെ KPDIP & A റൂൾസ് കേരള പോലീസ് ആക്ട് എന്നിവ പ്രകാരം പിരിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും Removal/Dismiss ചെയ്തിട്ടുണ്ട്. 3 ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം വളരെ കാര്യക്ഷമമായി സംസ്ഥാന ഇന്റലിജൻസും ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും പരിശോധിച്ചുവരുന്നു. കുറ്റക്കാരെന്ന് കണ്ടെത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് സേനയിലെ ചില ഉദ്യോഗസ്ഥർ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി |

| | | | |
|---|---|---|---|
| | | | വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 14 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തി വരുന്നു. നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരെ KPDIP & A റൂൾസ് കേരള പോലീസ് ആക്ട് എന്നിവ പ്രകാരം പിരിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും Removal/Dismiss ചെയ്തിട്ടുണ്ട്. 3 ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ